**ശ്രദ്ധക്ഷണിക്കൽ**

മെട്രോ റെയിൽ പദ്ധതി

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേരളത്തിലെ പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ച് കേരളത്തിന് അഭിമാനകരമായി മാറിയതാണ് കൊച്ചി നഗരത്തിന്റെ ജീവനാഡിയായിട്ടുള്ള കൊച്ചി മെട്രോ. 2017 ജൂൺ 17-നാണ് കൊച്ചി മെട്രോ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. കൊച്ചിയിലും പരിസര പ്രദേശങ്ങളിലും പുതിയ യാത്രാനുഭവമായി അത് മാറിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ 8 വർഷംകൊണ്ട് സംസ്ഥാനത്ത് ഏറ്റവും സ്വീകാര്യതയുള്ള പൊതുഗതാഗത സംവിധാനമായി മെട്രോ മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ കൊച്ചി നഗരത്തിൽ മെട്രോ സാന്നിധ്യം ജനങ്ങൾക്ക് വലിയ അനുഗ്രഹമാണ്. രാജ്യത്തെ എട്ടാമത്തെ മെട്രോ ആയാണ് കൊച്ചി മെട്രോ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത്. 1999-ലെ ഇ. കെ. നായനാർ സർക്കാരാണ് കേരളത്തിന്റെ സ്വപ്ന പദ്ധതിയായ മെട്രോ എന്ന ആശയം മുന്നോട്ടുവച്ചത്. പൊതുമേഖലാ

സ്ഥാപനമായ റൈറ്റ്സിനെ (RITES) സാധ്യതാ പഠന ചുമതല ഏൽപിച്ചതുമുതലുള്ള പ്രയത്നങ്ങളാണ് ഇന്ന് കൊച്ചിയുടെ ആകാശത്ത് ചൂളമടിച്ച് മെട്രോ പായുന്നതിന് കാരണമായിട്ടുള്ളത്. എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യം കൊണ്ടാണ് കൃത്യമായ പരിശോധനകളിലൂടെയും ഇടപെടലുകളിലൂടെയും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധ്യമായത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. മെട്രോ വന്നതോടെ കൊച്ചിയിലുള്ള പൊതുഗതാഗത മാർഗം അസാധാരണമാംവിധം മാറിയിട്ടുണ്ട്. ആലുവ മുതൽ പേട്ട വരെ മാത്രമാണ് ആദ്യഘട്ടത്തിൽ ഇത് വിഭാവനം ചെയ്തിരുന്നതെങ്കിലും ഒന്നാംഘട്ടം മെട്രോ ആലുവ മുതൽ തൃപ്പൂണിത്തുറവരെ ദീർഘിപ്പിക്കുവാൻ കഴിഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമാണ്. ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിച്ച മെട്രോ രണ്ടാംഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്കിന്റെ ഫേയ്സ്-I വരെയാണ് രണ്ടാംഘട്ടം

വിഭാവനം ചെയ്തിട്ടുള്ളത്. സമീപകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ജി.സി.ഡി.എ.-യും ഇൻഫോ പാർക്കും ചേർന്നൊരു എഗ്രിമെന്റ് ഒപ്പുവയ്ക്കുകയുണ്ടായി. ഇൻഫോ പാർക്കിന്റെ മൂന്നാംഘട്ടം എന്റെ നിയോജകമണ്ഡലത്തിലെ കുന്നത്തുനാട്, കിഴക്കമ്പലം പഞ്ചായത്തുകളിലേക്കാണ് വ്യാപിപ്പിക്കുന്നതെന്നാണ് അതിൽ പറയുന്നത്. നിലവിൽ ഏറ്റവും കൂടുതൽ ട്രാഫിക് അനുഭവിക്കുന്ന പ്രദേശങ്ങളിലൊന്നാണ് എറണാകുളം ജില്ലയുടെ ഭരണസിരാകേന്ദ്രമായ കാക്കനാട്. നിലവിൽ കാക്കനാടുവരെ വന്നിരിക്കുന്ന മെട്രോ, എന്റെ നിയോജകമണ്ഡലമായ കുന്നത്തുനാട്ടിലെ മനക്കക്കടവിലേക്ക് (ഏകദേശം മൂന്ന് കിലോമീറ്റർകൂടി) ദീർഘിപ്പിച്ചാൽ കിഴക്കിന്റെ കവാടമായ കോതമംഗലം, പെരുമ്പാവൂർ, കുന്നത്തുനാട്, ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന മറ്റു കിഴക്കൻ പ്രദേശങ്ങൾ എന്നിവയ്ക്കുകൂടി പ്രയോജനകരമാകും. തീർച്ചയായും മെട്രോയുടെ മൂന്നാംഘട്ട വികസനത്തിന് അത് സഹായകരമാകും. മാത്രമല്ല, തിരുവനന്തപുരം-കോഴിക്കോട് മെട്രോകൂടി വരികയാണെങ്കിൽ കേരളത്തിൽ അടുത്ത അമ്പത് വർഷത്തേക്കുള്ള വികസനമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്ക് വഴി സ്മാർട്ട് സിറ്റിവരെ 11.2 കി.മീ. ദൈർഘ്യമുള്ള രണ്ടാംഘട്ട നിർമ്മാണം പുരോഗമിച്ചുവരികയാണ്. മറ്റുസ്ഥലങ്ങളിലേക്ക് മെട്രോ ദീർഘിപ്പിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല. തിരുവനന്തപുരം-കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുടെ നിർവഹണത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്കായി 2017-ലെ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി കൊച്ചി മെട്രോ റെയിൽ സമർപ്പിച്ച സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ അംഗീകരിച്ചശേഷം കേന്ദ്രാനുമതിയോടുകൂടി ഡി.പി.ആർ. അന്തിമമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. തിരുവനന്തപുരം

മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച വിവിധ അലൈൻമെന്റുകൾ പരിശോധിച്ച് ഏറ്റവും മെച്ചപ്പെട്ടതും കൂടുതൽ യാത്രക്കാർക്ക് പ്രയോജനപ്രദവുമായ തരത്തിൽ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി ചീഫ്സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ മൂന്നാംഘട്ട വികസനത്തിൽ ഇൻഫോ പാർക്കിന്റെ ലാൻഡ് പൂളിങ് നടക്കുന്ന പ്രദേശത്തുകൂടി ഇത് വ്യാപിപ്പിക്കുകയാണെങ്കിൽ തീർച്ചയായും അത് കൊച്ചി നഗരത്തെ സംബന്ധിച്ചും ജില്ലയുടെ കിഴക്കൻ മേഖലയെ സംബന്ധിച്ചും ഏറ്റവും അനുയോജ്യമായ കാര്യമായിരിക്കും. അതിൽക്കൂടി ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഈ മെട്രോ വന്നതോടുകൂടി മെട്രോയുടെ സൗകര്യങ്ങൾ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. നിലവിൽ

മെട്രോ ഇല്ലാത്ത സ്ഥലങ്ങളിലേക്കുകൂടി ഈ സൗകര്യം എത്തണമെന്ന് അതത് സ്ഥലത്തുള്ളവർ ആഗ്രഹിക്കുന്നത് സ്വഭാവികമാണ്. രണ്ടാംഘട്ടത്തിന്റെ കാര്യം ഞാൻ പറഞ്ഞു. ഇനിയുള്ള ഘട്ടം എങ്ങനെയാണെന്ന് ഭാവിയിൽ നമുക്ക് ആലോചിച്ച് തീരുമാനിക്കാം.